# ST.MARYS COLLEGE HSS



## REGISTRATION NO: LK/2019/15066

## DIGITAL MAGAZINE

# LITTLE PRINTS

LITTLE KITES , SMCHSS 2019-21

# *FOUNDER*



# Rev. Fr. Mathai Nooranal

# എഡിറ്ററുടെ കൈയ്യൊപ്പ്

ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടിപ്പട്ടങ്ങളുടെ ഡിജിറ്റൽ സംരഭമായ 'ലിറ്റിൽ പ്രിന്റ്സ്' മാഗസിന്റെ അണിയറയിൽ പരിശ്രമിച്ച എല്ലാവർക്കും ഭാവുകങ്ങൾ നേരുന്നു.

**HAMNA FATHIMA -9A**

# EDITORIAL

ചീഫ് എഡിറ്റർ - ഹംന ഫാത്തിമ

സബ് എഡിറ്റർ - ഷാന മോൾ

ആർട്ട് എഡിറ്റർ - ആൽബിന സിജി

കവർ പേജ് - നിൽന പ്രമിസ്

അംഗങ്ങൾ - അസ്ന ഇ.എ, മുഹമ്മദ്
ഉനൈസ്,ഫസൽ റഹ്മാൻ,മുഹമ്മദ്
ആദിൽ,അലൻ ഡേവിഡ് എൽദോസ്

# ലിറ്റിൽ പ്രിന്റ്സ്


## ഇതളുകൾ

പേജ് നമ്പർ

6...സമർപ്പണം.........................................................................
7...സന്ദേശം ഹെഡ് മിസ്റ്ററസ്...................................................
8...സന്ദേശം പി.റ്റി.എ പ്രസിഡന്റ്..............................................
9...Little kites 2019-21.........................................................
10...Precious words...............................................................
11...Our school.......................................................................
12...സെന്റ് മേരീസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂൾ റിപ്പോർട്ട്...
14...മനുഷ്യനും പ്രകൃതിയും.......................................................
16...Art corner.........................................................................
17...പാട്ടുകാരൻ.........................................................................
19...Lets smile together..........................................................
20...Goodness of simplicity....................................................
21...प्रकृति सौनदरय.........................................................................
22...കടുവ.................................................................................
24...കർഷകനും നായ്ക്കുട്ടിയും..........................................................
26...നദി......................................................................................
28...മണ്ണ്....................................................................................
29...Beauty of Nature...............................................................
30...കുട്ടിപ്പട്ടംപ്രതിഭയോടൊപ്പം.......................................
31...Industrial visit report.........................................................
36...Activities.............................................................................

# സമർപ്പണം

നല്ലതു മാത്രം
എഴുതാൻ ശ്രമിക്കണം
എഴുതാൻ കൊള്ളുന്നത്
ചെയ്യാൻ ശ്രമിക്കണം
രണ്ടിനിമായി നാം
നന്നായി വായിക്കണം



**-കുഞ്ഞുണ്ണി മാഷ്**

# സന്ദേശം

വിദ്യാലയത്തിലെ പൊൻതൂവലായ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളും അധ്യാപകരും നടത്തുന്ന നിരന്തര പരിശ്രമങ്ങളുടെ സാഫല്യമായ 'ലിറ്റിൽ പ്രിന്റ്സ് ' ഡിജിറ്റൽ മാഗസിൻ പ്രകാശിപ്പിക്കുന്നതിന് അതിയായ സന്തോഷം പങ്കുവെക്കുന്നതോടൊപ്പം ഹൃദ്യമായ ആശംസകളും അറിയിക്കുന്നു.



ഷീബ.പി.ഐസക്

[ഹെഡ് മിസ്ട്രസ്]

# സന്ദേശം

വിദ്യാർത്ഥികളുടെ  വിവിധ കഴിവുകൾ

കോർത്തിണക്കുന്നതിന് 'ലിറ്റിൽ   പ്രിന്റ്സ്'

ഡിജിറ്റൽ  മാഗസിൻ ഉപകരിക്കട്ടെ എന്ന്

ആശംസിക്കുന്നു .



ഡോ: പി എ മത്തായി

[ പി.ടി.എ പ്രസിഡന്റ്]

# LITTLE KITES 2019 -2021
## SMCHSS , SULTHAN BATHERY



# PRECIOUS WORDS

## “A creative man is motivated by the desire to achieve, not by the desire to beat others”

- AYN RAND

"പ്രവർത്തിക്കാൻ എളുപ്പമാണ് ചിന്തിക്കാൻ പ്രയാസമുണ്ട്. നമ്മുടെ ചിന്തകൾക്കനുസൃതമായി പ്രവർത്തിക്കാനാണ് വളരേയേറെ ബുദ്ധിമുട്ടുള്ളത്"

- മഹാത്മാ ഗാന്ധി

"ഒരു പിഞ്ചു കുഞ്ഞിന്റെ നിശ്ചകളങ്കതയും പ്രഭാത പുഷ്പ്പത്തിന്റെ നൈർമല്യവും അത്രത്തോളം ആസ്വാദ്ധ്യകരമായ മറ്റൊന്നുമില്ല"

-നെഹ്റു

"രണ്ടു ചെലിയും ഒരു നാവും തന്നിരിക്കുന്നത് കുറച്ച് പറയാനും കൂടുതൽ കേൾക്കാനുമാണ്.”

ഡയോജനിസ്

# OUR SCHOOL



# സെന്റ് മേരീസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂൾ

***സുൽത്താൻ ബത്തേരി***

## പ്രവർത്തന നേട്ടങ്ങൾ

കോളേജ് വിദ്യാഭ്യാസവകുപ്പിൽ നിന്നും പ്രീഡഗ്രി കോഴ്സ് വേർപ്പെടുത്തിയതിന് ശേഷം യശ:ശരീരനായ ഫാ.മത്തായി നൂറനാലിന്റെ ആത്മാർത്ഥ പരിശ്രമത്തിന്റെ ഫലമായി 2000 ജൂൺ 17-ന് സെന്റ് മേരീസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂൾ ആരംഭിക്കാൻ കേരള സർക്കാർ ഉത്തരവായി.

ആദ്യ വർഷം ഹൈസ്കൂൾ തലത്തിൽ 8-ാം ക്ലാസ്സും,+2 വിഭാഗത്തിൽ 4 ബാച്ചുകളിലായി സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഷയങ്ങളിൽ അധ്യയനം ആരംഭിച്ചു. വളരേ കുറഞ്ഞ കാലത്തിലുള്ളിൽ അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, ജനപ്രതിനിധികളുടെയും, വിദ്യാർത്ഥികളുടെയും സഹകരണത്തോടെ വയനാടിന്റെ വിദ്യാഭ്യാസ

സാംസ്കാരിക ചരിത്രത്തിൽ പാഠ്യ-പാഠ്യേതര പ്രവർ ത്തനങ്ങളുലൂടെ ശ്രദ്ധേയമായ സ്ഥാനെ നേടാൻ സ്കൂളിന കഴിഞ്ഞിട്ടുണ്ട്.

**സൂസി ടീച്ചർക്ക് അഭിനന്ദനങ്ങൾ**

10 വർഷങ്ങളുടെ സെൻ്റ് മേരീസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂൾ വയനാട്ടിലെ ശ്രേഷ്ഠമായ വിദ്യാലയങ്ങളിലൊന്നായി മാറിയതിൻ്റെ പിന്നിലെ ശക്തമായ കരം ബഹു. പ്രിൻസിപ്പാൾ സൂസി കുരുവിള ടീച്ചറുടേതാണ് എന്നകാര്യം അഭിമാനത്തോടെ ഞങ്ങൾ ഓർ ക്കുന്നു. സ്കൂൾ ആരംഭിച്ച കാലത്ത് സ്ഥിരം അധ്യാപകരില്ലാതെ വിഷമിച്ചപ്പോൾ കോളേജ് അധ്യാപകരേ കൊണ്ടു വന്നും, അതിഥി അധ്യാപകരെ കണ്ടു പിടിച്ചും സ്കൂൾ അധ്യയനവും, അഡ്മിനിസ്ട്രേഷനും ഭംഗിയായി കൊണ്ടു പോകാൻ ടീച്ചർക്കു കഴിഞ്ഞു. അതിൻ്റെ ഫലമായി 2002-ൽ +2 വിഭാഗത്തിൽ ആദ്യ ബാച്ച് പുറത്തുറങ്ങിയപ്പോൾ വയനാട്ടിൽ ഏറ്റവും കൂടുതൽ ഡിസ്റ്റിംഗ്ഷൻ കിട്ടിയ സ്കൂളായി മാറി. 2003-ൽ ആദ്യ എസ്. എസ്. എൽ.സി. ബാച്ച് പുറത്തിറങ്ങിയത് 91% റിസൾട്ടോടെയാണ്.

# മനുഷ്യനും പ്രകൃതിയും

പ്രാകൃതമനുഷ്യനിൽനിന്നും നൂറ്റാണ്ടുകളിലൂടെ വിപ്ലവാത്മകമായ വികസനപാത പിന്നിട്ടാണ് ഇന്നത്തെ മനുഷ്യൻ വളർന്നു വന്നത്.
വനാന്തരങ്ങളിലെ ഗുഹകളായിരുന്നു ആദ്യം അവന്റെ ആവാസസ്ഥാനം. പിന്നീട് ഗോത്രസംസ്കാരങ്ങളിലൂടെ ജിവിതം തുടർന്നു.ഈ കാലയളവിലെല്ലാം സമഭാവനയും മുഖമുദ്രയായിരുന്നു. ശേഷം ഉത്പാതനവുംവിപണനവും ആരംഭിച്ചതോടെ ചൂഷകനും ചൂഷിതനുമായ മനുഷ്യൻ വേർപിരിഞ്ഞു തുടങ്ങി. അതിവേഗം തിരിയുന്ന കാലചക്രത്തോടോപ്പം ആധുനികതയും ഉത്തരാധുനികതയും ഇവിടെ മിന്നിമറയുകയാണ്.നേട്ടങ്ങളുടെ കനകസിംഹാസനങ്ങൾ പടുത്തുയർത്തുവാനുള്ള വ്യഗ്രതയിൽ .........

*അനന്തമജ്ഞാതമവർണനീയ*
*മീലോകഗോളം തിരിയുന്നമാർഗം*
*അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു*
*നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു !*

എന്ന കവി വചനം അന്വർത്ഥമാക്കുന്നത് പോലെയാണ് ഭൂമിയിൽ ഇന്നു ജീവന്റെ നിലനിൽപ്പ്. പ്രക്യതിയെ മറന്നുള്ള വികസനഭ്രമത്തിൽ ആയിരക്കണക്കിന് ജീവികളാണ് ഓരോ വർഷവും റെഡ് ലിസറ്റിൽ സ്ഥാനം പിടിക്കുന്നത്. നമുക്കും വളരണം, ഭൂമി നിലനിൽക്കുകയും വേണം എന്ന അടിസ്ഥാന പ്രമാണം മാത്രം അവശേഷിക്കുന്ന അവസ്ഥയാണിന്നുള്ളത്.പ്രപഞ്ചത്തിലെ ജീവിവൈവിധ്യത്തിന്റെ മൂന്നിലൊന്നോളം വംശനാശത്തിന്റെ വക്കിലാണെന്നാണ് ഐക്യരാഷ്ട്രസഭയുടെ മുന്നറിയിപ്പ് .

## പുരോഗമനത്തിന്റെ പാതയിൽ

മനുഷ്യജീവിതത്തെ വാണിജ്യവത്കരിക്കുവാൻ വ്യവസായിക വിപ്ലവം കടന്നു വന്നു. പിന്നീട് കാടുകൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കിയപ്പോഴും വനങ്ങൾ ഫാക്ടറിയുടെ അസംസ്കൃത വിഭവമായപ്പോഴും പരിസ്ഥിതി മലിനികരണം  ഒരു വിശ്വവിപത്തായി നമുക്കു മുമ്പിൽ നിലനിൽക്കുന്നു. അന്തരീക്ഷത്തിലെ 70% നിർമിക്കപ്പെടുന്നത് അനേകങ്ങളായ കടൽ സസ്യങ്ങളിൽനിന്നാണ്. സകലവിധ മാലിന്യങ്ങളേയും കടലിൽ തള്ളി രക്ഷപ്പെടുന്ന നാം ഈ കടൽ സസ്യങ്ങളെയാണ് ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നത്. മറ്റൊരു വസ്തുത വികസിത രാജ്യങ്ങൾ ഫാക്ടറികളിൽ നിന്നും പുറംതള്ളുന്ന വിഷദ്രാവകങ്ങൾ വർണശബളമായ ടിന്നുകളടച്ച് കീടനാശിനി എന്ന പേരിൽ വിറ്റഴിക്കുന്നു. എന്തു വില കൊടുത്തും അവ വാങ്ങിച്ച് പാടത്തും പറമ്പിലും തളിച്ച് നമ്മൾ കീടങ്ങൾക്കെതിരെ സന്ധിയില്ലാസമരം നടത്തുന്ന കാഴ്ച്ചയാണെവിടെയും കാണാൻ കഴിയുന്നത്.സ്വാർത്ഥതയുടെ താൽക്കാലിക വിജയത്തിനായി  ചെയ്യുന്ന ഈ ക്രൂരത യുടം ഫലം അനുഭവിക്കുന്നതാകട്ടെ പിറന്നു വീഴുന്ന പുതിയ തലമുറകളാണ്.

11 ലക്ഷം ജീവവർഗ്ഗങ്ങളിൽ ഒന്നു മാത്രമായ കേവലമനുഷ്യന്റെ മേധാശക്തിയാണെല്ലാത്തിനും പിന്നിലുള്ളതെന്ന സത്യം ഓർക്കാതെ വയ്യ. വ്യവസായവൽകരണത്തിനു മുമ്പുള്ള കാലത്തെ താപനിലയിൽ നിന്നു നാലു ഡിഗ്രി സെൽഷ്യസിലേക്ക് ചൂട് കൂടിയാൽ അപകടമാണെന്നാണ് പരിസ്ഥിതി വിദഗ് ദ്ധൻ മുന്നറിയിപ്പ് നൽകുന്നത്. ആഗോളതാപനം ഈ അപകടരേഖയിലേക്ക് അതിവേഗം കുതിച്ചു കൊണ്ടിരിക്കുകയാണ്. തുടരുന്ന പ്രളയങ്ങളും വരൾച്ചയും വറുതിയുമായി പ്രകൃതി നമുക്ക് മുന്നറിയിപ്പ് നൽകികൊണ്ടിരിക്കുന്ന കാഴ്ച്ചയാണ് ഇന്നു നമുക്ക് കാണാൻ കഴിയുന്നത്.

ജിഷ കുര്യാക്കോസ്
[ടീച്ചർ ഇൻചാർജ് ,ലിറ്റിൽ കൈറ്റ്സ്]

## ART CORNER


Scanned by CamScanner


Scanned by CamScanner


Scanned by CamScanner


Scanned by CamScanner

# പാട്ടുകാരൻ

തുടർച്ചയായ മഴയിൽ നിന്നും വീണുകിട്ടിയൊരു ദിനം. സൂര്യൻ പിണക്കം മതിയാക്കി മെല്ലെ തലനീട്ടി.ഏറെക്കാലം കിട്ടാതെപോയ ആ പ്രകാശകണികകളുടെ ലാളനയിൽ മൈതാനത്തിലെ കറുകപ്പുല്ലുകൾ മെല്ലെ പുഞ്ചിരിച്ചു. സുന്ദരമായ അന്തരീക്ഷം.എനിക്ക് ആ ഭംഗി കണ്ടില്ലെന്ന് നടിക്കാൻ കഴിഞ്ഞില്ല.ക്ലാസിൽ ഭയങ്കര ശബ്ദം അതിൽ നിന്നു ഒരു രക്ഷപ്പെടലെന്ന നിലയിൽ ഞാൻ വരാന്തയിലേക്കിറങ്ങി വരാന്തക്കുമുന്നിൽ ചതുരാകൃതിയിൽ പുല്ല് പിടിപ്പിച്ചിരിക്കുന്നു.അതിനപ്പുറം മരങ്ങളാണ്. മരങ്ങൾക്ക് നടുവിലായി ഒഴിഞ്ഞ ഒരു ചെറിയ മൈതാനിയും.അവിടെ പീച്ചിങ്ങാമരത്തിന്റെ ചുവട്ടിലിരുന്ന് കുട്ടികളെ പഠിപ്പിക്കുന്ന ഒരു അധ്യാപകൻ.ഒരു കൂട്ടംപേർ ഓടിക്കളിക്കുന്നു.ഞാൻ അവരെയും വീക്ഷിച്ച് വരാന്തയിൽ ഇങ്ങനെ നിന്നു.പെട്ടെന്ന് എന്റെ ദൃഷ്ടിക്കുള്ളിലെ കുട്ടികളുടെ കണ്ണുകൾ സ്കൂൾ കവാടത്തിലേക്ക് തിരിയുന്നത് കണ്ടു.ഞാനും അങ്ങോട്ടു നോക്കി.തീർത്തും അവിശ്വസനീയമായ കാഴ്ച്ച.ഒരു മനുഷ്യൻ,പേരറിയില്ല,മുട്ടിലിഴഞ്ഞ് ആ മൈതാനത്തിലൂടെ വരുന്നു.ഒറ്റനോട്ടത്തിൽ മനസ്സിലായി അദ്ദേഹത്തിന്റെ കാലുകൾക്ക് സ്വാധീനശക്തിയില്ലായിരുന്നു.കുട്ടികഴളെല്ലാവരും ഒരു വിചിത്രജീവിയെപ്പോലെ അയാളെ നോക്കി.ഞങ്ങൾക്കിടയിലൂടെ ഇഴഞ്ഞ് അദ്ദേഹം സ്റ്റാഫ് റൂമിലെത്തി.എന്റെ

ക്ലാസ്ടീച്ചർ അദ്ദേഹത്തിൻ ഇരിക്കാൻ
കസേര കൊടുത്തു.ടീച്ചർ പറഞ്ഞു.ഇദ്ദേഹം നല്ലൊരു
പാട്ടുകാരൻ.നിങ്ങൾ ഇദ്ദേഹം പാട്ടു പാടിത്തരും.പിന്നെ
ഒമ്പതാം ക്ലാസിന്റെ വരാന്തയിൽ ഇരുന്നു.പേര് ഹമീദ്.പാടാൻ
തുടങ്ങി.അതു ഹൃദയത്തിൽനിന്നും ഉതിർന്നു വീണ ഒരു ഗാനം
രണ്ട് പാട്ടുകൾ ഴ എന്ന സ്ഥലത്ത് യ അങ്ങനെ എത്രയോ
തെറ്റുകൾ.ഈണമുണ്ട്,രാഗമില്ല. ലയമില്ല എന്നാൽ ഒന്നറിയാം
അതാണ് പാട്ട് വയറ്റിപ്പിഴപ്പിനുള്ള പാട്ട്. അദ്ദേഹത്തിന്റെ
മടിയിൽ നാണയത്തുട്ടുകൾ വീണുതുടങ്ങി. എന്റെ ക്ലാസിന്റെ
പേരിൽ ഒരു 10 രൂപ നോട്ട് അദ്ദേഹത്തുന്റെ കൈകളിൽ
വയ്ക്കുമ്പോൾ എന്റെ കൈ വിറച്ചു.കണ്ണുകൾ
ഈറനണിഞ്ഞു.ഞാൻ പുലമ്പി. ഇതാണ് പാട്ട്,ഇതാണ്
പാട്ടുകാരൻ.എന്റെ സഹപാഠി അദ്ദേഹത്തെയും എടുത്ത് സ്കൂൾ
കവാടത്തിലേക്ക് നടക്കുമ്പോഴും ഞാൻ പുലമ്പി പാട്ടുകാരൻ.

അശ്വതി വി.ബി
[പൂർവ്വ വിദ്യാർഥി]

# Lets smile together

A smile costs nothing but gives much
it enriches those who receive
it takes up a moment but the memory
of it sometimes lasts forever
A smile creates happiness at home
Goodwill in business
And is the country’s sign of friendship
It brings rest to the discouraged, sunshine to
sad and it is the nature’s best antidote for trout
some people are too tired to give
you smile give them one of yours
as non needs smiles too much

## THE GOODNESS OF SIMPLICITY

Man is a social animal. We live in society. In our country we can see mainly two types of people, rich and poor major portion of the wealth is in the hands of rich people. But they are not caring the poor people. They lead a luxurious life. Now the people are rushing to buy luxurious items and they are even forced to forget about the goodness of simplicity. We are now engaged in a race to achieve world success, without even caring for our fellow beings.

The market invites us to enjoy many comforts as possible, whether it is the birth of a consumer society. The dangerous growth of consumer culture does not promote a moderate life style. We spend our money lavishly. When each person turns out to be mere consumer, he loses his individuality.

We should remember that it is unethical to borrow from future generations. Sustainable development can be a moderate life style. It is essential for our survival. We should keep in mind that we are living in a world where millions of people are struggling to get even a single meal a day. So we should keep simplicity in our life.

Simple living and high thinking, considered to be a noble ideal. Great people have always lived in the path of simplicity. Gandhiji, our nations father is a model for it. The realisation of simplicity will make us humble. Live as a simple man save our society from lavishness.

SREYA SAJI -10 A

# पकॅृतिसौनॅदयृम

पकृति! आसमाकं माता भवति.
पकृति! आसमाकं लॉक भवति
पकृति आसमाकं सवृकायृ
सफल च करॊति वॊ..

जननि,माता,आममा, आसमाकं पकृति
पकृति सौनॅदयृ सवृयो:
सनदोषं,समाधानं च ददाति.
सवृजीवजालसय ञुहं आसमाकं पकृति भवति

पकृति बहुत जीवगालॆं वणति
पकृतयॆं,वनं,जल,ञुहं ,-
पुषपं, जीवजालं,नदि
सवृ पकृति आलनारीत:भवति..

AKHILA PS 10 A

# കടുവ

കടുവ വരുന്നേ കടുവ വരുന്നേ

കാട്ടിൽ നാട്ടിൽ അമ്പമ്പോ.............

കടുവച്ചാരെ നീ ഞങ്ങളുടെ

ദേശീയ മൃഗമല്ലേ

എന്നിട്ട് കാട്ടിലെയും നാട്ടിലെയും

മൃഗങ്ങളെയെല്ലാം നീ കൊന്നൊടുക്കിയാൽ

അത് ശരിയാകുമോ.......... ?

അമ്പമ്പോ അമ്പമ്പോ

നാട്ടിൽ നിന്നും ഓടിക്കോ

കാട്ടിൽ തന്നെ കിടന്നോളൂ

ഞങ്ങളെ വെറുതെ വിട്ടേക്ക്

ഭക്ഷണം കിട്ടാതെ വലഞ്ഞിട്ടാണോ

നാട്ടിലെ ഞങ്ങളെ നീ കഷ്ടത്തിലാക്കുന്നത്.

അല്ല എന്താ നിന്റെ ഉദ്ദേശ്യം ?

കാട്ടു ജീവികളെയും വളർത്തു
മൃഗങ്ങളെയും
നിനക്ക് തിരിച്ചറിയാൻ കഴിയുന്നില്ലേ ?
ഞങ്ങളേയും ഞങ്ങളുടെ മൃഗങ്ങളെയും
നീ കൊന്നൊടുക്കല്ലേ..................
നിന്നെപ്പോലെ ഞങ്ങൾക്കും ജീവിക്കേണ്ടേ
കടുവച്ഛാ.......................

അധികം ഞെട്ടി വിറപ്പിച്ച് നടന്നാൽ
നിന്നെ ഞങ്ങൾ കൂട്ടിലടച്ചീടും കേട്ടോ ?
കൂട്ടിലടച്ചീടും എന്നാണ് പറഞ്ഞത്

എബി മാനുവൽ X A

# കർഷകനും നായ്ക്കുട്ടിയും

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ കർഷകനുണ്ടായിരുന്നു.ഒരിക്കൽ കർഷകൻ കാട്ടിലൂടെ പോകുന്ന വഴിക്ക് ഒരു നായകുട്ടിയെ കണ്ടു. അതിനെ ആരെങ്കിലും ഇറക്കിവിട്ടതായിരിക്കും എന്ന് കർഷകൻ പറഞ്ഞു.എന്നിട്ട് കർഷകൻ നായക്കുട്ടിയെ വീട്ടിലേക്ക് കൊണ്ടു വന്നു. അതിന് ഒരു പേരും ഇട്ടു "ടൈഗർ”. കർഷകൻ പറമ്പിലും പാടത്തുമൊക്കെ പോകുമ്പോൾ നായ്ക്കുട്ടിയും കൂടെ പോകും. പക ലും രാത്രിയും എന്തെങ്കിലും ശബ്ദം കേട്ടാൽ അത് കുരയ്ക്കും . ഇതു കണ്ട കർഷകന് വളരെ സന്തോഷമായി. ഞാൻ എടുത്തു വളർ ത്തുന്ന ഈ നായ നന്ദിയുള്ളവനാണ്. ഞാൻ ഇല്ലാത്തപ്പോൾ എന്റെ വീട് നോക്കിക്കൊള്ളും, കർഷകൻ മനസ്സിൽ പറഞ്ഞു.

ഒരു ദിവസം രാത്രി കർഷകൻ നല്ല ഉറക്കമായിരുന്നു. തന്റെ വീട്ടിൽ കള്ളൻ കയറിയത് അയാൾ അറിഞ്ഞില്ല. എന്നാൽ അദ്ദേഹ ത്തിന്റെ നായ കള്ളൻ കയറിയത് കണ്ട്

കുരയ്ക്കാൻ തുടങ്ങി. അയാൾ ചാടി എഴുന്നേറ്റു.
നായ കുരയ്ക്കുന്നത് എന്തിനാണെന്ന് നോക്കിയപ്പോൾ, തന്റെ വീട്ടിൽ ആരോ കയറിയതാണെന്ന് അയാൾക്ക് മനസ്സിലായി അയാൾ കള്ളനെ പിടിച്ചു കെട്ടി. തന്റെ നായയുടെ ആത്മാർത്ഥ കണ്ടപ്പോൾ അയാൾക്ക് വളരെ സന്തോ ഷമായി. അയാൾ നായയെ കൂടുതൽ സ്നേഹിച്ചു.

അന മോൾ ബിനു X A

# നദി

എന്നെയറിയുമോ നിങ്ങൾ എന്റെ
ദു:ഖമറിയുമോ ?
എന്നെ അറിയുമോ നിങ്ങളെന്റെ
രോദനം കേൾക്കുമോ ?
ഭൂമിയെ സൃഷ്ടിച്ച കൂട്ടത്തിൽ എന്നെയും
സൃഷ്ടിച്ചതാണെന്റെ ദൈവം
മീനും മുതലയും പാമ്പും തവളയും
എന്നിൽ ജനിച്ചു വളർന്നു.
ഈ ഭൂവിൽ എന്നുടെ തീരത്ത്
വൃക്ഷലദാതികൾ
ആവോളം തിങ്ങി നിറഞ്ഞു.
എൻ മടിതട്ടിൽ നിന്നും പക്ഷിമൃഗാതികൾ
ദാഹമകറ്റിയകന്നു.
സന്തോഷം കൊണ്ടെന്റെ ഉള്ളം നിറഞ്ഞു
ജഗദീശന്ന നന്ദി പറഞ്ഞു
ഫാക്ടറി തന്നവശിഷ്ടം കഴിച്ചു ഞാൻ

ജീവിതം തന്നെ മടുത്തു

കണ്ടാലറിയാത്ത മാതിരി ഇന്നു ഞാൻ

ഭീകര രോഗത്തിലാണ്ടു

മരണം കാത്തു കിടക്കുമെന്നധരത്തി-

ലൊരു തുള്ളി ശുദ്ധ ജലം നിങ്ങൾ തരുമോ...........

നിൽന പ്രമീസ് IX B

# മണ്ണ്

മണ്ണാണ് എല്ലാത്തിനും അടിസ്ഥാനം.
മണ്ണാണ് എല്ലാ മൃഗങ്ങളുടെയും വീട്.
എല്ലാ ചെടികളും വളരുന്നത് മണ്ണിലാണ് .
മണ്ണില്ലായിരുന്നെങ്കിൽമരങ്ങളും
കൃഷികളും ഇന്നിവിടെ ഉണ്ടാകുമായിരുന്നില്ല.
ദൈവം സൃഷ്ടിച്ച സുന്ദരമായ
ഇടമാണ് ഭൂമി.
ഈ മണ്ണിൽ വസിക്കുന്ന നമ്മൾ
എത്രയോ ഭാഗ്യവാന്മാർ .
മണ്ണിനെ സംരക്ഷിക്കാൻ,
നാമെല്ലാം ഒറ്റക്കെട്ടായി നീങ്ങണം കൂട്ടരെ.........

അതുൽ അലക്സ് X A

# THE BEAUTY OF NATURE













# കുട്ടിപ്പട്ടങ്ങൾ പ്രതിഭയോടൊപ്പം



# Little Kites Industrial Visit Report

22-1-2020 ബുധനാഴ്ച ലിറ്റിൽ കൈറ്റ്സ് ഇൻചാർജ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ എല്ലാവരും IV സംബന്ധിച്ച് എറുമാട് തേയില ഫാക്ടറിയിൽ പോയി . സ്കൂൾ ബസ്സിലാണ് യാത്ര ചെയ്തത്. രാവിലെ 10:45 ആയപ്പോൾ ഞങ്ങൾ തേയില ഫാക്ടറിയിൽ എത്തി . അവിടെ ചെന്നപ്പോൾ ഞങ്ങൾക്ക് ഒരു പുതിയ അനുഭവമായിരുന്നു. ഇന്നുവരെ ചായകുടിച്ചിരുന്ന ഞങ്ങൾക്ക് ചായപ്പൊടിയെ കുറിച്ചും അത് എങ്ങനെ ഉദ്പാദിപ്പിക്കുന്നു എന്നും അറിയില്ലായിരുന്നു. ഈ I.V യിലൂടെ ഞങ്ങൾക്ക് വഴികാട്ടാനും തേയില എങ്ങനെ ചായപ്പൊടിയാകുന്നു എന്നും വിവിധ കാര്യങ്ങൾ പറഞ്ഞു തരാനും ഒരു സ്റ്റാഫ് ഉണ്ടായിരുന്നു. ആ സ്റ്റാഫ് ഞങ്ങളെ തേയില ചായയാകുന്ന വിവിധ പ്രോസസ്സുകളെ പറ്റി പറഞ്ഞു

Scanned by CamScanner

നന്ന. 5 പ്രോസസ്സിൽ കൂടി തേയില പോകുമ്പോൾ ആണ് അത് നമുക്ക് ഇന്ന വിപണിയിൽ ലഭ്യമാകുന്ന ചായപ്പൊടി ആകുന്നത്.

1) Weathering
2) Rolling
3) Fermentation
4) Drying
5) Grading & sorting.

ആദ്യം കർഷകരിൽ നിന്നു തേയില അത് 1st പ്രോസസ്സായ weatheringലൂടെ തേയില ചില പോകും. അതു തേയിലയിലിയിലെ ജലാംശം മാറ്റുന്നാണ്. അതിനു ഉപയോഗിക്കുന്ന machine Trough. 2nd പ്രോസസ്സായ rollingലൂടെ തേയില നന്നായി. അരിഞ്ഞു പൊടിച്ചു വരും. 3rd പ്രോസസ്സായ Fermentationൽ പൊടിച്ചു വന്ന തേയിലഇല വലിയൊരു machineന്റെ ഉള്ളിൽ പെന്നാം വീഴും. ആ machineൽ വച്ച് Chemical process നടക്കുന്നാണ്. ഒരു പൈപ്പിലൂടെ ചൂടു വായു machineൽ [illegible] കടത്തി വിടും. അതിലെ Chemical compounds Theoflapion (smell), Thearubigin (color, smell)



Scanned by CamScanner

In
Vi
Te
Erumad

INDUSTRIAL VISIT
ERUMAD TEA FACTORY




SMCHSS, SULTHAN BATHERY






എന്നിവ ചേർക്കുന്നു. 40-50 മിനിറ്റ് വരെ ഈ പ്രോസസ്സ് നടക്കുന്നു. 4-ാമത്തെ പ്രോസസ്സായ Dryingലൂടെ ചായപ്പൊടിയുണ്ടാക്കുന്നു. 5th പ്രോസസ്സിൽ ചായപ്പൊടി തരം തിരിച്ച് നല്ലത് കയറ്റി അയക്കാനായി ചാക്കുകളിൽ നിക്ഷേപിച്ച് വയ്ക്കുന്നു. ഈ IV യിലൂടെ ഞങ്ങൾ ഒട്ടേറെ കാര്യങ്ങൾ പഠിച്ചു. ഈ IV ഞങ്ങൾക്ക് വളരെ ഉപകാരപ്രദമായിരുന്നു. 12:45 ആയപ്പോൾ ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി.

Albina Siji
IX-B
SMCHSS
Little kites



Scanned by CamScanner




INDUSTRIAL VISIT –
ERUMAD TEA FACTORY
LITTLE KITES , SMCHSS



# ***ACTIVITIES***



L
K



**Mrs RENI MATHEWS**

**(DEPT.OF COMPUTERAPPLICATIONS ,St.Mary's College , Sulthan Bathery)**




SMARTAMMA

# നന്ദി

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് സൃഷ്ട്ടികൾ നൽകിയും മാർഗ്ഗ നിർ ദ്ദേശങ്ങളേകിയും ഞങ്ങളോട്ട സഹകരിച്ച എല്ലാവർക്കും അകമഴിഞ്ഞ നന്ദിയുടെ പൂച്ചെണ്ടുകൾ.........................


ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-21

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-21

## അംഗങ്ങൾ




Albina Siji
Aaron paul
Shana mol P.S
Femitha banu C.M
Afsal K.H
Muhammed Adhil
Hamna fathima K
Sooryajith N.K
Nilna Pramis
Sona P.B
Adharsh V.B
Muhammed Unais P.A
Adhithyan
Deepak Jijin
Basil Jacob Biju
Muhammed Sanal k
Asna E.A
Fasal Rahman k
Alen David Eldhos
Kite Masters- Jisha Kuriakose,
Leejo Joseph Raj[SITC]


ഒരു നല്ല വീടിന്
തുല്യം വെക്കാൻ
ലോകത്തൊരു
സ്കൂളുമില്ല. നന്മയുള്ള
മാതാപിതാക്കൾക്ക്
തുല്യം വെക്കാൻ
ലോകത്തൊരു
അദ്ധ്യാപകനുമില്ല.
Mahatma Gandhi
Shaiju Raj